# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6298   11.07.2012 ൽ മറുപടിയ്ക്ക്**

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| **(എ)** പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് എത്ര വെള്ളമാണ് തമിഴ്നാട് സർക്കാർ കേരളത്തിന് നല്കേണ്ടത്; | **(എ)** പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് താഴെ പറയും വിധം ജലം ലഭിക്കുന്നു.<br>പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്ന് ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ 1.3 ടി.എം.സി. ഫീറ്റ് മുതൽ 1.5 ടി.എം.സി. ഫീറ്റ് ജലം കേരളത്തിന് ലഭിക്കുന്നു.<br>ചാലക്കുടി നദീതടത്തിൽ നിന്ന് ഓരോ വർഷവും 12.3 ടി.എം.സി. ഫീറ്റ് ജലം കേരളത്തിന് അവകാശപ്പെട്ടതാണ്.<br>ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമിന്റെയും കൂടി വൃഷ്ടിപ്രദേശത്തുള്ള ജലവും ഒരുമിച്ചു കണക്കാക്കി 16.5 ടി.എം.സി. ഫീറ്റിനു മുകളിൽ ലഭിക്കുന്ന 2.5 ടി.എം.സി. ഫീറ്റ് ജലം കേരളത്തിന് അവകാശപ്പെട്ടതാണ്.<br>19 ടി.എം;സി. ഫീറ്റിൽ കൂടുതലായി ലഭിക്കുന്ന ജലം പറമ്പിക്കുളം ഡാമുക ളുടെ സ്പിൽവേയിലൂടെ ചാലക്കുടി പുഴയിലേക്ക് തുറന്നുവിടുന്നതാണ്.<br>ഭാരതപ്പുഴ നദീതടത്തിൽ നിന്ന് പി.എ.പി. കരാർ അനുസരിച്ച്, മണക്കടവ് വിയറിൽ 7.25 ടി.എം.സി.ഫീറ്റ് ജലവും, ഉപയോഗിക്കാനാവാത്ത പ്രളയജലവും (unutilisable flood water) കേരളത്തിന് ലഭിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| **(ബി)** കഴിഞ്ഞ 10 വർഷമായി ഈ കരാർ അനുസരിച്ചുള്ള വെള്ളം കേരളത്തിന് ലഭിച്ചിട്ടുണ്ടോ;<br>**(സി)** ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | **(ബി) & (സി)** കഴിഞ്ഞ 10 ജലവർഷങ്ങളിൽ (ഒരു ജലവർഷം എന്നു പറയുന്നത് ജൂലായ് 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ്) 2002-03, 2003-04 ജലവർഷങ്ങളിൽ ഒഴികെ കേരളത്തിന് (മണക്കടവ് വിയറിൽ) കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടുണ്ട്. 2002-03, 2003-04 ജലവർഷങ്ങളിൽ കൊടിയ വരൾച്ചകാരണം തമിഴ്നാടിന് കേരളത്തിന് അർഹതപ്പെട്ട ജലം മണക്കടവ് വിയറിൽ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ